ഉത്തരം

(എ) നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും 50 കോടി രൂപ വീതം ചെലവാക്കി നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന ഏജൻസിയെ ടെണ്ടർ നടപടി മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിക്കായി ഓരോ ജില്ലയിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പത്തനംതിട്ട, കോട്ടയം, വയനാട് ഒഴികെയുള്ള ജില്ലകളിൽ സ്ഥലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. വിവിധ ജില്ലകളിൽ സ്ഥലലഭ്യത, കൈവശാവകാശത്തിന്റെ കൈമാറ്റം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽപ്പെട്ട കണയന്നൂർ താലൂക്കിൽ നടമ-തെക്കുംഭാഗം വില്ലേജിൽ ബ്ലോക്ക് 372-ൽ റീ-സർവ്വേ നമ്പർ 47-ൽപ്പെട്ട 1.90.20 ഹെക്ടർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. കൺസൾട്ടൻസി കമ്പനി സ്ഥലം സന്ദർശിച്ച് പരിശോധന നടത്തി. വെള്ളം നിൽക്കുന്ന സ്ഥലമായതിനാൽ ടോപ്പോഗ്രാഫിക് സർവ്വേ തുടങ്ങിയ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) വിവിധ ജില്ലകളിൽ സ്ഥലലഭ്യത, കൈവശാവകാശത്തിന്റെ കൈമാറ്റം എന്നിവ പൂർത്തിയാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്

103 (6358) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർലമെന്ററി ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനും, ജനാധിപത്യത്തിൽ അധിഷ്ഠിതമായ സഹവർത്തിത്വവും സാമൂഹ്യരാഷ്ട്രീയ ബോധവും ജനങ്ങളിൽ ഊട്ടിഉറപ്പിക്കുന്നതിനും പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) യുവാക്കളിലും, സ്കൂൾ കുട്ടികളിലും രാഷ്ട്രീയത്തോട് നിലവിൽ കാണുന്ന വിരക്തി അകറ്റുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കൊണ്ട് കഴിഞ്ഞിട്ടുണ്ടോ;

(സി) 2018-ൽ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ജനാധിപത്യ മതേതര മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, ഉപന്യാസം / ക്വിസ്/പ്രസംഗം മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ് ഉടങ്ങി വിവിധ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കായി സെമിനാർ കൂടാതെ ഉപന്യാസം/ക്വിസ്/പ്രസംഗം എന്നീ മത്സരങ്ങളും നടത്തിവരുന്നു. മാത്രമല്ല, യൂത്ത് പാർലമെന്റ് സംസ്ഥാന വിജയികളുടെ റിപ്പീറ്റ് പെർഫോമൻസ് പഴയ നിയമസഭാ മന്ദിരത്തിൽ സംഘടിപ്പിക്കുകയും കൂടാതെ മികച്ച സ്കൂൾ പാർലമെന്റേറിയൻമാരുടെ പഠന ക്യാമ്പ്, അനുസ്മരണ പ്രഭാഷണങ്ങൾ എന്നിവയും സംഘടിപ്പിച്ചുവരുന്നു.

(ബി) സ്കൂൾ/കോളേജ് തലങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പരിപാടികളിൽ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തമുണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

104 (6359) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വകുപ്പ് പാർലമെന്ററി ജനാധിപത്യം എന്ന വിഷയത്തെ ആസ്പദമാക്കി സ്കൂളുകളിൽ സെമിനാർ നടത്തുവാൻ ഉദ്ദേശിച്ചിരുന്നോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി എല്ലാ നിയോജകമണ്ഡലത്തിലും നടത്തുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി മങ്കടയിൽ നിന്നും നൽകിയ ശുപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly